(എ) ചെറുകിട പരിമിത കർഷകരെ സഹായിക്കുന്നതിന് ഐ. ആർ. ഡി. പി. മാതൃകയിൽ എന്തെങ്കിലും പദ്ധതി ബ്ലോക്കുകൾ വഴി നടത്തുന്നുണ്ടോ;

(ബി) എങ്കിൽ എന്താണെന്നു വ്യക്തമാക്കാമോ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ചെറുകിട നാമമാത്ര കർഷകരുടെ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഒരു പദ്ധതി 1983–84 സാമ്പത്തിക വർഷം മുതൽ ബ്ലോക്കുകൾ വഴി വികസന വകുപ്പ് നടത്തിവരുന്നു.

(ബി) ഈ പദ്ധതിയനുസരിച്ച് കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ചെറുകിട-പരിമിത കൃഷിക്കാർക്ക് ജലസേചനത്തിന് സഹായം നൽകുകയും, മിനികിറ്റ്സ് വിതരണം, ഭൂവികസനം എന്നിവ നടപ്പാക്കുകയും ചെയ്യുന്നു. ബ്ലോക്കൊന്നിന് 5 ലക്ഷംരൂപ ക്രമത്തിൽ 151 ബ്ലോക്കുകൾക്കായി 755 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ ഇതിലേക്ക് വകകൊള്ളിച്ചിട്ടുണ്ട്. ഇതിൽ 3.5 ലക്ഷം രൂപ ചെറുകിട ജലസേചനത്തിനും, 50,000 രൂപ മിനികിറ്റ്സ് വിതരണത്തിനും, ഒരു ലക്ഷം രൂപ ഭൂവികസനത്തിനും ഉദ്യോഗസ്ഥൻമാരുടെ ചെലവിലേക്കും വിനിയോഗിക്കുന്നു. പദ്ധതിയുടെ ജലസേചനം ഏർപ്പെടുത്തുന്ന ഘടകം ഡി.ആർ. ഡി. എ. യും ഭൂവികസന—മിനികിറ്റ്സ് വിതരണം എന്നിവ ഏർപ്പെടുത്തുന്ന ഘടകം കാർഷിക ഡയറക്ടറുമാണ്. ജലസേചനത്തിനായി കിണറുകൾ കുഴിക്കുക, നന്നാക്കുക, സാമൂഹ്യ ജലസേചന പദ്ധതികൾ നടപ്പിലാക്കുക, പമ്പ് സെറ്റുകൾ വാങ്ങാൻ സഹായിക്കുക തുടങ്ങിയ കാര്യങ്ങളാണ് ഇതിൻ പ്രകാരം ചെയ്യുന്നത്. ജലസേചന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ചെറുകിട കർഷകർക്ക് 25%വും, നാമമാത്ര കർഷകർക്ക് 33⅓%വും പട്ടികവർഗ്ഗക്കാർക്ക് 50% വും സാമൂഹ്യ ജലസേചന പദ്ധതികൾക്ക് 50%വും സബ്സിഡി ലഭിക്കും. സബ്സിഡിക്കു പുറമേ ആവശ്യമായ തുക ബാങ്കു വഴി കടമായി ലഭിക്കും. പമ്പുകളുടെ സബ്സിഡി സംബന്ധിച്ച് 21-10–1986–ൽ ഗവൺമെൻറ് ഈ വർഷത്തേക്ക് വേണ്ട ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിൽ നിയമം ബാധകമാക്കിയിട്ടുള്ള തൊഴിലാളി വിഭാഗങ്ങൾ

* 457 [487] ശ്രീ. സി. ടി. കൃഷ്ണൻ:
,, കെ. മൂസ്സക്കുട്ടി:
,, വർക്കല രാധാകൃഷ്ണൻ:
ശ്രീമതി കെ. ആർ. ഗൗരി:
ശ്രീ. എ. കെ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വിഭാഗങ്ങളിലുള്ള തൊഴിലാളികൾക്കാണ് തൊഴിൽ നിയമം ബാധകമായിട്ടുള്ളത്;

(ബി) ഏതെല്ലാം തൊഴിലാളിവിഭാഗങ്ങളാണ് തങ്ങൾക്ക് തൊഴിൽ നിയമപ്രകാരം തൊഴിൽ സുരക്ഷിതത്വം ഉണ്ടാക്കിത്തരണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) സംസ്ഥാനത്ത് എംപ്ലോയർ—എംപ്ലോയീ റിലേഷൻഷിപ്പ് നിലനിൽക്കുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും തൊഴിൽ നിയമം ബാധകമാണ്.

(ബി) തൊഴിൽ സുരക്ഷിതത്വം എല്ലാവിഭാഗം തൊഴിലാളികളും ആവശ്യപ്പെടാറുണ്ട്. കാലാകാലങ്ങളിൽ ഇതിനാവശ്യമായ നടപടിയും സ്വീകരിച്ചിട്ടുണ്ട്.

ബ്ലോക്ക് വികസന സമിതികൾ

* 458 [488] ശ്രീ. കെ. ജെ. ജോർജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലോക്ക് വികസന സമിതികൾ നിലവിലുണ്ടോ;

(ബി) എങ്കിൽ എന്നാണ് നിലവിൽ വന്നത് എന്ന് പറയാമോ;

(സി) ഇല്ലെങ്കിൽ എത്ര കാലമായി ഈ സമിതികൾ നിലവിലില്ല;

(ഡി) ഈ സമിതികൾ ഇല്ലാത്തതുകൊണ്ട് വികസന പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുണ്ടോ?

ഗ്രാമവികസന വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ഇല്ല.

(ബി) ഉടിക്കുന്നില്ല.

(സി) 4—4—1983 മുതൽ നിലവിലില്ല.

(ഡി) ഇല്ല.

ഉംനാടൻ ജലഗതാഗത വികസന പദ്ധതി

* 459 [489] ശ്രീ. കെ. പി. എ. മജീദ്:

,, പി. കെ. കുഞ്ഞാലിക്കുട്ടി:

,, ഇ. ടി. മുഹമ്മദ് ബഷീർ:

,, പി. കെ. കെ. ബാവ:

,, പി. വി. മുഹമ്മദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉംനാടൻ ജലഗതാഗത വികസനത്തിനായി സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും പദ്ധതികൾ കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾ;

(സി) ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചു;

(ഡി) ഓരോ പദ്ധതികൾക്കുമുള്ള കേന്ദ്ര സഹായമെത്ര?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) ഉണ്ട്:

LIBRARY ARCHIVES Kerala Legislative Assembly